LIBRARY ARCHIVES Kerala Legislative Assembly

സഹകരണ വകുപ്പ് ചെലവഴിച്ച ബഡ്ജറ്റ് വിഹിതം

74 (420) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 -15 സാമ്പത്തിക വർഷം എൽ.ആർ.സി (എൽ.റ്റി.ഒ.) പദ്ധതിയിനത്തിൽ എത്ര തുക അനുവദിച്ചുവെന്നും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നുമുള്ള വിശദാംശം നൽകാമോ ;

(ബി) തുക ഉപയോഗിച്ച് എന്തെല്ലാം പദ്ധതികൾക്കാണ് നബാർഡ് അനുമതി നൽകിയിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(സി) 2014-15 സാമ്പത്തിക വർഷം സഹകരണ വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം എത്രയായിരുന്നു എന്നും എത്ര ശതമാനം ഇതുവരെ ചെലവഴിക്കുകയുണ്ടായി എന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 2014-15 സാമ്പത്തിക വർഷം എൻ.ആർ.സി. (എൽ.റ്റി.ഒ.) പദ്ധതിയിനത്തിൽ സഹകരണ വകുപ്പിന് ടോക്കൺ പ്രൊവിഷനായി 3000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ തുക ഒന്നും ചെലവഴിച്ചിട്ടില്ല.

(സി) 2014-15 സാമ്പത്തിക വർഷം സഹകരണ വകുപ്പിന് സംസ്ഥാന പദ്ധതിയിനത്തിൽ 8799.00 ലക്ഷം രൂപയും എൻ.സി.ഡി.സി. പദ്ധതിയിനത്തിൽ 3500.00 ലക്ഷം രൂപയും എൻ.ആർ.സി. (എൽ.റ്റി.ഒ.) പദ്ധതിയിനത്തിൽ 3000 രൂപയും ഉൾപ്പെടെ 1229.03 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിൽ 28-2-2015 വരെ സംസ്ഥാന പദ്ധതിയിനത്തിൽ 35.76%-ഉം എൻ.സി.ഡി.സി. പദ്ധതിയിനത്തിൽ 43.58% -ഉം ചെലവഴിച്ചിട്ടുണ്ട്.

ത്രിവേണി സ്റ്റോറുകളും നന്മ സ്റ്റോറുകളും നേരിടുന്ന പ്രതിസന്ധി

75 (421) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിവേണി സ്റ്റോറുകളും നന്മ സ്റ്റോറുകളും നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വ്യക്തമാക്കുമോ ;

(ബി) ത്രിവേണി സ്റ്റോറുകളിൽ ആവശ്യത്തിന് സാധനങ്ങൾ ലഭ്യമാകാത്തത് സംബന്ധിച്ചുള്ള പരാതിക്ക് പരിഹാരം കാണുന്നതിന് ശ്രദ്ധിക്കുമോ ;